# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1161 12/07/2016-ൽ മറുപടിയ്ക്ക്**

**"ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം"**

| ചോദ്യം<br>(ശ്രീ. വി. അബ്ദുറഹിമാൻ) | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു.തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്, പ്രവർത്തനം തൃപ്തികരമാണ് |
| (ബി) | ഏകോപനമില്ലാത്തതിനാൽ പ്രാദേശികാസൂത്രണം അവതാളത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ആസൂത്രണ സമിതികൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. ജില്ലാ ആസൂത്രണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ജില്ലാ ആസൂത്രണ സമിതികളെ പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? വിശദീകരിയ്ക്കുമോ? | (ഡി) | സ.ഉ.(സാധാ) 1962/16/ത.സ്വ.ഭ.വ. പ്രകാരം ജില്ലാ ആസൂത്രണ സമിതികൾ പുന: സംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും നഗരസഭകളിലെ പ്രതിനിധികളുടെയും തിരഞ്ഞെടുപ്പിനുള്ള അനുമതി നൽകി ഉത്തിവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ കമ്മിറ്റി - അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും സംഖ്യ നിശ്ചയിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1962/16/തസ്വഭവ തിരുവനന്തപുരം, തീയതി : 21/06/2016

പരാമർശം-
1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 19.10.2015 ലെ 6330/ബി/15/സം.തി.ക നമ്പർ കത്ത്.
2. സ.ഉ (സാധാ)3820/15/തസ്വഭവ തീയതി 21.12.2015 ഉത്തരവ്.
3. നഗരകാര്യ ഡയറക്ടറുടെ 20.05.2016 ലെ ഡി.സി.4/17287/10 നമ്പർ കത്ത്.

**ഉത്തരവ്**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് പ്രകാരം ഓരോ ജില്ലയിലും രൂപീകരിക്കേണ്ട ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും എണ്ണം 1995 ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ജില്ലാ ആസൂത്രണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | കൗൺസിലർമാർ/ അംഗങ്ങൾ | | | ആകെ |
| | | മുനിസിപ്പൽ കോർപ്പറേഷൻ | മുനിസിപ്പൽ കൗൺസിൽ | ജില്ലാ പഞ്ചായത്ത് | |
| 1 | തിരുവനന്തപുരം | 3 | 1 | 8 | 12 |
| 2 | കൊല്ലം | 2 | 1 | 9 | 12 |
| 3 | പത്തനംതിട്ട | -- | 1 | 11 | 12 |
| 4 | ആലപ്പുഴ | -- | 2 | 10 | 12 |
| 5 | കോട്ടയം | -- | 1 | 11 | 12 |

| | | | | | |
|---|---|---|---|---|---|
| 6 | ഇടുക്കി | -- | 1 | 11 | 12 |
| 7 | എറണാകുളം | 2 | 2 | 8 | 12 |
| 8 | തൃശ്ശൂർ | 1 | 1 | 10 | 12 |
| 9 | പാലക്കാട് | -- | 2 | 10 | 12 |
| 10 | മലപ്പുറം | -- | 2 | 10 | 12 |
| 11 | കോഴിക്കോട് | 2 | 1 | 9 | 12 |
| 12 | വയനാട് | -- | 2 | 10 | 12 |
| 13 | കണ്ണൂർ | 1 | 2 | 9 | 12 |
| 14 | കാസർഗോഡ് | -- | 1 | 11 | 12 |
| | **ആകെ** | **11** | **20** | **129** | **168** |

ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ അമ്പത് ശതമാനം സ്ത്രീകളും, രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും, അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ്.

മേൽ വിവരിച്ചിട്ടുള്ള പ്രകാരം ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ് ഐ.എ.എസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

True copy

**സെക്ഷൻ ഓഫീസർ**